## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5683 — 03.11.2016-ൽ മറുപടിക്ക്

# ആദിവാസികളെ ബാധിച്ച 'അരിവാൾ' രോഗം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പമന്ത്രി) | |
| എ) | വയനാട്ടിലെ ആദിവാസികളെ ബാധിച്ച 'അരിവാൾ' രോഗത്തിന്റെ പ്രതിരോധത്തിനും ചികിത്സക്കുമായി എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | എ) | വയനാട്, പാലക്കാട്, കോഴിക്കോട്, മലപ്പുറം എന്നീ ജില്ലകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാർക്കിടയിൽ കണ്ടുവരുന്ന പാരമ്പര്യ രോഗമായ സിക്കിൾസെൽ അനീമിയ അഥവാ അരിവാൾ രോഗം ബാധിച്ചവർക്ക് സമാശ്വാസ ധനസഹായം നൽകുന്നതിനുവേണ്ടി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1576/12/പജപവവിവ തീയതി 12.12.2012 ഉത്തരവിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ടി പദ്ധതി പ്രകാരം രോഗബാധിതർക്ക് ഒരു സാന്ത്വനമെന്ന നിലയിലും അവർക്ക് അത്യാവശ്യം മരുന്നും മറ്റ് ജീവനോപാധികളും വാങ്ങുന്നതിനുമായി പ്രതിമാസം 1,000/- രൂപ നൽകിയിരുന്നു. ആയത് 02.02.2016 ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 126/2016/പജപവവിവ ഉത്തരവ് പ്രകാരം പ്രതിമാസം 2,000/- രൂപയായി വർദ്ധിപ്പിച്ച് പരാമർശിത മേഖലയിലെ രോഗബാധിതർക്ക് നൽകി വരുന്നു. |
| ബി) | പ്രസ്തുത പദ്ധതി വിജയകരമാണോ യെന്നും രോഗ പ്രതിരോധത്തിന് കഴിഞ്ഞിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ; | ബി) | രോഗബാധിതരായ എല്ലാ പട്ടികവർഗ്ഗക്കാരെയും തിരിച്ചറിഞ്ഞ് ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന്റെ ഫലമായി രോഗം മൂലമുള്ള വിഷമതകൾ കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. |
| സി) | പദ്ധതിക്കായി ഇതിനോടകം എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്? | സി) | ടി പദ്ധതിക്കായി മുൻ വർഷങ്ങളിലും ഈ സാമ്പത്തിക വർഷവും ചെലവഴിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.<br>2013-14 – 54,52,000/- രൂപ<br>2014-15 – 79,45,000/- രൂപ<br>2015-16 – 97,20,896/- രൂപ<br>2016-17 – 97,00,000/- രൂപ (26.10.2016 വരെ)<br>ആകെ - **3,28,17,896/-** രൂപ<br>(മൂന്ന് കോടി ഇരുപത്തിയെട്ട് ലക്ഷത്തി പതിനേഴായിരത്തി എണ്ണൂറ്റി തൊണ്ണൂറ്റി ആറ് രൂപ മാത്രം). |

സെക്ഷൻ ഓഫീസർ